# STD - VIII

## അദ്ധ്യാപക സഹായി

## പാഠം – നാല്                    ഭാഗം – ഒന്ന്

## സഭാ പിതാക്കന്മാരും വിശ്വാസസംരക്ഷകരും

### ലക്ഷ്യം

വിശ്വാസത്തിന്റെ സംരക്ഷകയായ സഭയെ തെറ്റായ പ്രബോധനങ്ങളിൽ നിന്നും ശീഷ്മ കളിൽ നിന്നും സത്യവിശ്വാസംവഴി സംരക്ഷിക്കുവാൻ ആത്മാർപ്പണം ചെയ്ത സഭാ പിതാക്കന്മാരെക്കുറിച്ചും വിശ്വാസ സംരക്ഷകരെക്കുറിച്ചും ആധികാരികമായ ധാരണ കൾ കൈകൊണ്ട് അതേ വഴിയിലൂടെ സഞ്ചരിക്കേണ്ടവരാണ് തങ്ങൾ എന്ന ആഴമായ ബോധ്യം ഉണ്ടാക്കുക.

സത്യവിശ്വാസത്തിനെതിരായി വരുന്ന വിരുദ്ധമായ പഠനങ്ങളെ ഖണ്ഡിക്കുകയും, സഭ യെക്കുറിച്ച് കൂടുതൽ അറിവുനേടി, സഭയെ കൂടുതൽ സ്നേഹിക്കുകയും, തീക്ഷ്ണത യോടെ വിശുദ്ധമായ ജീവിതം നയിക്കുകയും ചെയ്യും.

### പഠനസഹായികൾ

* വിശുദ്ധഗ്രന്ഥം – അപ്പസ്തോല പ്രവർത്തനങ്ങൾ
* ചിത്രം – ചാർട്ട് – അപ്പസ്തോല പിതാക്കന്മാരും, സഭാപിതാക്കന്മാരും
* വീഡിയോ ക്ലിപ്പിംഗ് – അപ്പസ്തോല പിതാക്കന്മാർ

### പാഠത്തിന്റെ ഉള്ളടക്കം

* സഭാ പിതാക്കന്മാർ – വിശ്വാസപരമായ കാര്യങ്ങളിൽ പണ്ഡിതരും സഭയുടെ സത്യ വിശ്വാസം മാത്രം എക്കാലവും പഠിപ്പിക്കുകയും ചെയ്ത പുണ്യചരിതരായ പ്രബോ ധകർ.
* പാഷണ്ഡത – സഭയുടെ വിശ്വാസത്തിനും പ്രബോധനത്തിനും വിരുദ്ധമായ സിദ്ധാന്തം
* സഭാ മക്കളായിരുന്നിട്ടും സഭയോടുള്ള ഐക്യത്തിൽനിന്നും സ്നേഹത്തിൽ നിന്നും വിഘടിച്ച് നിൽക്കുന്നത് –ശീശ്മ.
* അബദ്ധസിദ്ധാന്തങ്ങൾ – ആരിയൻ പാഷണ്ഡത, അപ്പോളിനാരിസം, നെസ്തോറി യനിസം, മോണോഫിസിറ്റിസം, പെലാജിയനിസം
* സഭാ പിതാക്കന്മാരുടെ ലക്ഷണങ്ങൾ
* നാലുവിഭാഗത്തിലുള്ള സഭാപിതാക്കന്മാർ

* അപ്പസ്തോല പിതാക്കന്മാർ - ഒന്നാം നൂറ്റാണ്ടുമുതൽ രണ്ടാം നൂറ്റാണ്ടിന്റെ പകുതി വരെ ജീവിച്ചിരുന്നവർ
* വിശ്വാസ സംരക്ഷകർ - രണ്ടാം നൂറ്റാണ്ടിൽ ക്രിസ്തമതത്തിനെതിരായി ഉയർന്നു വന്ന ഭീഷണികളെ ചെറുത്തുനിന്ന് വിശ്വാസസത്യം പഠിപ്പിച്ചവർ.
* കപ്പഡോഷ്യൻ പിതാക്കന്മാർ - നാലാം നൂറ്റാണ്ടിൽ ആരിയനിസത്തിനെതിരെ പോരാടിയവർ

## പ്രാർത്ഥന

യഥാർത്ഥ ജ്ഞാനത്തിന്റെ ഉറവിടമായ ദൈവമേ, ജീവിത വിശുദ്ധിയാലും, നിർഭയ സാക്ഷ്യത്താലും സഭയ്ക്ക് ശക്തിയും സംരക്ഷണവും നൽകിയ സഭാപിതാക്കന്മാരെ ആദരപൂർവ്വം ഓർക്കാനും അവരെപ്പോലെ സഭയെപ്പറ്റി പഠിക്കുവാനും, സഭയെ നയിക്കുവാനും, വിശ്വാസത്തിൽ ജീവിക്കുവാനും ഞങ്ങളെ ഉപകരണങ്ങളാക്കണമേയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

## ചോദ്യങ്ങൾ

1. പാഷണ്ഡത, ശീശ്മ എന്നിവ തമ്മിലുള്ള വ്യത്യാസം എന്ത്?
2. ആരാണ് സഭാ പിതാക്കന്മാർ?
3. ഏതെങ്കിലും മൂന്ന് അപ്പസ്തോല പിതാക്കന്മാരുടെ പേരുകൾ പറയുക.
4. അപ്പോളജിസ്റ്റ്സ് എന്നാൽ എന്ത്?
5. കപ്പഡോഷ്യൻ പിതാക്കന്മാർ ആരെല്ലാം?

# STD - VIII

## അദ്ധ്യാപക സഹായി

## പാഠം - നാല് ഭാഗം - രണ്ട്

## സഭാ പിതാക്കന്മാരും വിശ്വാസസംരക്ഷകരും

### ലക്ഷ്യം

ക്രിസ്തുവിൽ നമുക്കുള്ള വിശ്വാസത്തിന്റെ ഉറവിടം വിശുദ്ധരും സഭാ പാരമ്പര്യവുമാണ് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് സഭാ പിതാക്കന്മാരെക്കുറിച്ചും വിശ്വാസ സംരക്ഷകരെക്കുറിച്ചും ആഴത്തിൽ പഠിച്ച് അവർ നൽകിയ നിർഭയ സാക്ഷ്യം പിന്തുടരുവാനുള്ള പ്രേരണ ജനിപ്പിക്കുക.

സഭ പ്രതിസന്ധിയിൽ ആയിരിക്കുമ്പോൾ സത്യവിശ്വാസം എന്ത് വിലകൊടുത്തും സംരക്ഷിക്കേണ്ടത് ക്രൈസ്തവന്റെ ധർമ്മമാണെന്ന് തിരിച്ചറിഞ്ഞ് അതിനനുസരിച്ച് പ്രവർത്തിക്കും.

### പഠനസഹായികൾ

* ബൈബിൾ - അപ്പസ്തോല പ്രവർത്തനങ്ങൾ
* ലോക ക്രിസ്തീയ ഭൂപടം
* സഭാ പിതാക്കന്മാരെക്കുറിച്ചുള്ള ലഘുലേഖ അടങ്ങിയ ഫ്ളാഷ് കാർഡുകൾ
* ചിത്രം - ചാർട്ട് - സഭാ പിതാക്കന്മാർ
* PPT - പവർ പോയിന്റ് പ്രസന്റേഷൻ - വി. അഗസ്റ്റിന്റെ കുമ്പസാരം എന്ന ആത്മകഥയിലെ ഭാഗങ്ങൾ.

  സെന്റ് അഗസ്റ്റിന്റെ അമ്മ മോണിക്ക പുണ്യവതി അദ്ദേഹത്തിന്റെ ആത്മകഥയായ 'കുമ്പസാരം' എന്ന കൃതിയിൽ നിന്നും അടർത്തിയെടുത്ത ജീവൻ തുളുമ്പുന്ന സന്ദർഭങ്ങൾ പവർ പോയിന്റിലൂടെ അവതരിപ്പിച്ചുകൊണ്ട് പാഠഭാഗത്തിലേക്ക് പ്രവേശിക്കുന്നു.

### പാഠത്തിന്റെ ഉള്ളടക്കം

* അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ് - വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് എന്നിവരുടെ ശിഷ്യൻ. വിശുദ്ധ കുർബാനയെ അമർത്യതയുടെ ദിവ്യഔഷധം എന്ന് വിശേഷിപ്പിച്ചു.
* വിശുദ്ധ സിപ്രിയാൻ - കാർത്തേജിലെ മെത്രാൻ. മതപീഡനകാലത്ത്, ധാർമ്മികമൂല്യങ്ങൾ മുറുകെ പിടിക്കാൻ 13 ഗ്രന്ഥങ്ങളും കത്തുകളും എഴുതി വിശ്വാസം സംരക്ഷിച്ചു
* വിശുദ്ധ അത്തനേഷ്യസ് - അലക്സാണ്ടറിയായിലെ മെത്രാൻ. നിഖ്യാ വിശ്വാസപ്ര

മാണം പ്രഖ്യാപിക്കുകയും പഠിപ്പിക്കുകയും ചെയ്തു.

* വിശുദ്ധ അപ്രേം - പരിശുദ്ധാരൂപിയുടെ വീണ എന്നറിയപ്പെടുന്ന വിശുദ്ധൻ
* വിശുദ്ധ ബേസിൽ -നിഖ്യാ സൂനഹദോസിന്റെ സിദ്ധാന്തങ്ങൾ തീക്ഷ്ണതയോടെ പ്രചരിപ്പിച്ചു.
* വിശുദ്ധ അംബ്രോസ് - മിലാനിലെ മെത്രാൻ.
* വിശുദ്ധ ജോൺ ക്രിസോസ്റ്റം - സ്വർണനാവുകാരനായി അറിയപ്പെടുന്ന വിശുദ്ധൻ
* വിശുദ്ധ അഗസ്റ്റിൻ - അമ്മ വിശുദ്ധ മോനിക്ക. വിശുദ്ധ അംബ്രോസിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ചു. ഏറ്റുപറച്ചിൽ, ദൈവത്തിന്റെ നഗരം എന്നിവ വിശുദ്ധന്റെ വിശ്വപ്രസിദ്ധ ഗ്രന്ഥങ്ങളാണ്.
* വിശുദ്ധ ജെറോം - ലത്തീൻ, ഗ്രീക്ക്, ഹീബ്രു, അരമായ ഭാഷകളിൽ അഗാധജ്ഞാനം. മികച്ച ബൈബിൾ വിവർത്തകൻ, വ്യാഖ്യാതാവ്.
* സ്കൊളാസ്റ്റിക് ദൈവശാസ്ത്രം - വിശുദ്ധ തോമസ് അക്വിനാസ് കെട്ടിപ്പടുത്ത ക്രിസ്ത്യൻ പ്രത്യയശാസ്ത്രം.

## പ്രാർത്ഥന

ഞെരുക്കുന്ന ദൗർഭാഗ്യങ്ങളിൽ ശാന്തത കൈവെടിയരുത് എന്ന് ആഹ്വാനം ചെയ്ത ദൈവമേ, വിശുദ്ധ അഗസ്റ്റിനെ സഭയ്ക്ക് പ്രദാനം ചെയ്തതുപോലെ ഇനിയും ധാരാളം വിശുദ്ധരെ കത്തോലിക്കാ സഭയ്ക്ക് പ്രദാനം ചെയ്യണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ഓരോ ക്രൈസ്തവന്റെയും ജീവിതം വിശുദ്ധിയിലേക്കുള്ള വിളി ആണെന്ന് തിരിച്ചറിഞ്ഞ് വിളിക്കനുസരിച്ച് ജീവിക്കുവാനുള്ള കൃപ ഞങ്ങൾക്ക് നൽകണമേ എന്ന് പ്രാർത്ഥിക്കുന്നു.

## ചോദ്യങ്ങൾ

1. വിശുദ്ധകുർബാനയെ അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ് എങ്ങനെയാണ് വിശേഷിപ്പിച്ചത്?
2. വിശുദ്ധ സിപ്രിയാൻ രക്തസാക്ഷിത്വം വരിക്കുവാൻ കാരണമെന്ത്?
3. പരിശുദ്ധാരൂപിയുടെ വീണ എന്നറിയപ്പെടുന്ന വിശുദ്ധനാരാണ്?
4. വിശുദ്ധ ജെറോം ഏതു മാർപാപ്പയുടെ സെക്രട്ടറിയായിരുന്നു?
5. സ്കൊളാസ്റ്റിസിസം എന്നാൽ എന്ത്?